23161
21/11/17

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ്-വ്യാവസായിക പരിശീലന വകുപ്പിൽ ഇലക്ട്രോണിക് ഭരണ നിർവ്വഹണം കാര്യക്ഷമമായി നടപ്പിലാക്കുന്നതിലേയ്ക്കായി ഐ.ടി. സെൽ രൂപീകരിച്ചുകൊണ്ടും ആയതിലേയ്ക്കായി 6 തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും ഉത്തരവാകുന്നു.

തൊഴിലും നൈപുണ്യവും (സി) വകുപ്പ്

**സ.ഉ.(കൈ) നം./94/2017/തൊഴിൽ** തീയതി,തിരുവനന്തപുരം, 31/10/2017

പരാമർശം:- ട്രെയിനിംഗ് ഡയറക്ടറുടെ 10/07/2017 ലെ എ6/29280/17 നം കത്ത്.

**ഉത്തരവ്**

വ്യാവസായിക പരിശീലന വകുപ്പിലെ ഇലക്ട്രോണിക് ഭരണ നിർവ്വഹണം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഐ.ടി.സെൽ രൂപീകരിക്കുന്നതിനും 6 തസ്തികകൾ സൃഷ്ടിക്കുന്നതിനുമായുള്ള ശിപാർശ പരാമർശത്തിലെ കത്ത് പ്രകാരം ട്രെയിനിംഗ് ഡയറക്ടർ സമർപ്പിച്ചിരുന്നു. വ്യാവസായിക പരിശീലന വകുപ്പിൽ ഐ.ടി. സെൽ രൂപീകരിക്കുന്നത് ഉൾപ്പെടെയുള്ള ഇലക്ട്രോണിക് ഭരണ നിർവ്വഹണത്തിലേയ്ക്കായി 2230-03-001-95 ശീർഷകത്തിൽ ഒരു കോടി രൂപ 2017 – 18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വ്യാവസായിക പരിശീലന വകുപ്പിൽ ഐ.ടി.സെൽ രൂപീകരിച്ചുകൊണ്ടും അതിലേയ്ക്കായി താഴെ പറയും പ്രകാരമുള്ള തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും ഉത്തരവാകുന്നു.

| | Post | No. of Posts | Mode of posting | Remarks |
|---|---|---|---|---|
| 1 | Manager (e Governance) | 1 | Eligible officials from Dept through Deputation | Salary to be paid in the existing scale of pay, but the scale of pay should be 45800 - 89000 |
| 2 | System Administrator | 1 | Eligible officials from Dept through Deputation<br>Or<br>if there are no eligible persons, then on Contract Basis | |
| 3 | Technical Assistant | 1 | Eligible officials from Dept through Deputation | |
| 4 | Data Entry Operator | 2 | Contract basis | |
| 5 | Clerk | 1 | Can be Deputed from clerical cadre under the Dept | |
| Total | | 6 | | |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ടോം ജോസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ ആന്റ് ഇ), തിരുവനന്തപുരം,
ധനകാര്യ വകുപ്പ് 553558/H&L A1/184/2017/ധന തീയതി 23.8.2017 പ്രകാരം)
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം.1558)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

1924851/2017/(C) LBRD

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 25-10-2017

ഫയൽ നം.സി3/184/2017/തൊഴിൽ ഇനം നം: 1558

വിഷയം : തൊഴിലും നൈപുണ്യവും വകുപ്പ് - വ്യാവസായിക പരിശീലന വകുപ്പിൽ ഐ.ടി. സെൽ രൂപീകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. കെ.എം. എബ്രഹാം
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.

Issue orders please

Tom
26/x/17

TOM JOSE IAS
Additional Chief Secretary to Government
Labour, Skills & Excise Department

കേരള സർക്കാർ
(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

1. ഫയൽ നമ്പർ : C3/184/2017/തൊഴിൽ

2. വകുപ്പ് : തൊഴിലും നൈപുണ്യവും (സി) വകുപ്പ്

3. വിഷയം : വ്യാവസായിക പരിശീലന വകുപ്പിൽ ഐ.ടി സെൽ രൂപീകരിക്കുന്നത് സംബന്ധിച്ച്.

4. മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി : 02/10/2017

5. (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? : ഉണ്ട്

(ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? : ഉണ്ട്

: ഉണ്ട്

6. മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? : ഇല്ല

7. കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് : ശ്രീമതി. ആർ. താരാദേവി

8. കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് : ശ്രീ. ടോം ജോസ്

9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി : 05/10/2017

10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് : ഡോ. കെ. എം. എബ്രഹാം

11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി : 16/10/2017

12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് : ശ്രീ. ടി.പി.രാമകൃഷ്ണൻ

13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി : 19/10/2017

14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി : 20/10/2017

15. മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി :

16. തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും :

## മന്ത്രിസഭായോഗത്തിനുള്ളകുറിപ്പ്

വ്യാവസായിക പരിശീലന വകുപ്പിൽ ഐ.ടി സെൽ രൂപീകരിക്കുന്നത് സംബന്ധിച്ച കുറിപ്പാണിത്.

2) വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിലെ ഇലക്ട്രോണിക് ഭരണ നിർവ്വഹണം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഐ.ടി. സെൽ രൂപീകരിക്കുന്നതിനും ആയതിലേയ്ക്കായി 6 തസ്തികകൾ സൃഷ്ടിക്കുന്നതിനുമായുള്ള ശിപാർശ ട്രെയിനിംഗ് ഡയറക്ടർ ലഭ്യമാക്കിയിരുന്നു. വ്യാവസായിക പരിശീലന വകുപ്പിൽ ഐ.ടി. സെൽ രൂപീകരിക്കുന്നതിലേയ്ക്കായി ഒരു കോടി രൂപ 2017 - 18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

3) ഈ വിഷയത്തിൽ ധനകാര്യ വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായപ്പെട്ടു

"Finance accords sanction to start IT Cell at Industrial Training Department with the posts mentioned in the table below.

| Sl. No. | Post | No. of Posts | Mode of posting | Remarks |
|---|---|---|---|---|
| 1 | Manager (e Governance) | 1 | Eligible officials from Dept through Deputation | Salary to be paid in the existing scale of pay. but the scale of pay should be 45800 - 89000 |
| 2 | System Administrator | 1 | Eligible officials from Dept through Deputation<br><br>Or<br><br>if there are no eligible persons, then on Contract Basis | |
| 3 | Technical Assistant | 1 | Eligible officials from Dept through Deputation | |

| | | | | |
|---|---|---|---|---|
| 4 | Data Entry Operator | 2 | Contract basis | |
| 5 | Clerk | 1 | Can be Deputed from clerical cadre under the Dept | |
| Total | | 6 | | |

4) പ്രസ്തുത വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

**തീരുമാനിക്കേണ്ട വിഷയം**

ധനകാര്യ വകുപ്പ് നിർദ്ദേശിച്ച പ്രകാരം വ്യാവസായിക പരിശീലന വകുപ്പിൽ ഐ.ടി. സെൽ രൂപീകരിക്കുന്നതിനും ആയതിലേയ്ക്കായി 6 തസ്തികകൾ സൃഷ്ടിക്കുന്നതിനും അനുമതി നല്കാവുന്നതാണോ?